1. ഒരു കമ്പ്യൂട്ടർ അറിയപ്പെടുന്നത് ഏതിന്റെ പേരിലാണ് ?

(A) സി. പി. യു (B) പ്രൊസസർ (C) ഹാർഡ് ഡിസ്ക് (D) മോണിറ്റർ

2. ഓപ്പറേഷൻ ബ്ലാക്ക്ബോർഡ് എന്നാൽ എന്ത് ?

(A) പ്രൈമറി സ്കൂളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക

(B) ബ്ലാക്ക് ബോർഡിന്റെ എണ്ണം വർദ്ധിപ്പിക്കുക

(C) ഗ്രാമീണ മേഖലയുടെ ഉദ്ധാരണം

(D) പരിസര ശുചീകരണം

3. മനുഷ്യ ശരീരത്തിൽ അസ്ഥികളുടെ എണ്ണം എത്രയാണ് ?

(A) 216 (B) 206 (C) 218 (D) 202

4. ഇന്ത്യ ഐക്യരാഷ്ട്ര സഭയിൽ അംഗമായത് എന്ന് ?

(A) 1945 ഒക്ടോബർ 24 (B) 1945 നവംബർ 24

(C) 1945 ഒക്ടോബർ 30 (D) 1945 നവംബർ 30

5. ചൂടാക്കുമ്പോൾ നഷ്ടപ്പെടുന്ന വിറ്റാമിൻ :

(A) വിറ്റാമിൻ K (B) വിറ്റാമിൻ C (C) വിറ്റാമിൻ D (D) വിറ്റാമിൻ B

6. സർപ്പിളാകൃതിയിലുള്ള ബാക്ടീരിയ :

(A) കോക്കസ് (B) വിബ്രിയോ (C) ബാസിലസ് (D) സ്പൈറില്ലം

7. രക്തത്തിന് ചുവപ്പ് നിറം നൽകുന്ന പദാർത്ഥം ഏത് ?

(A) ഹീമോഗ്ലോബിൻ (B) ഹ്യൂമാലിൻ

(C) മെലാനിൻ (D) ബിലിറുബിൻ

8. അമീബ സഞ്ചരിക്കുന്നത് എന്ത് ഉപയോഗിച്ചാണ് ?

(A) ഗ്രാഹികൾ (B) സീലിയ (C) ഫ്ലാജെല്ലം (D) കപടപാദങ്ങൾ

9. താഴെപ്പറയുന്നവയിൽ ദ്വിലിംഗ പുഷ്പം ഉണ്ടാകുന്ന സസ്യം :

(A) വെള്ളരി (B) ചെമ്പരത്തി (C) കുമ്പളം (D) തെങ്ങ്

10. തൃണവർഗ്ഗത്തിൽപ്പെട്ട ഏറ്റവും ഉയരം കൂടിയ സസ്യം :

(A) ഈറ്റ (B) കരിമ്പ് (C) മുള (D) ചൂരൽ

11. 'അക്യുപങ്ചർ' എന്ന ചികിത്സാരീതി ഏതു രാജ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(A) മ്യാൻമാർ (B) ചൈന (C) തായ്‌വാൻ (D) റഷ്യ

12. കോലരക്കിന്റെ നിർമ്മാണത്തിന് ഉപകരിക്കുന്ന ഷഡ്പദം :

(A) ലാക് ഷഡ്പദം (B) തേനീച്ച (C) തുമ്പി (D) റിഗൺഫ്ലൈ

13. പുഷ്പിച്ചാൽ വില കുറയുന്ന സസ്യം :

(A) ഗോതമ്പ് (B) ചോളം (C) കരിമ്പ് (D) നിലക്കടല

14. താഴെപ്പറയുന്ന ഈരടികൾ എഴുതിയത് ആര് ?

'സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ

സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തേയും.'

(A) കുമാരനാശാൻ (B) കുറ്റിപ്പുറത്ത് കേശവൻ നായർ

(C) ചങ്ങമ്പുഴ (D) വയലാർ രാമവർമ്മ

15. 'തിക്കൊടിയൻ' എന്ന തൂലികാ നാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ ആര് ?

(A) പി. കുഞ്ഞനന്തൻ നായർ (B) എൻ. പി. രാജശേഖരൻ

(C) ഗോവിന്ദൻ നായർ (D) എം. ആർ. നായർ

16. താഴെപ്പറയുന്നവയിൽ ഗാന്ധിജിയുമായി ബന്ധമില്ലാത്ത പ്രസ്ഥാനം :

(A) നിയമ ലംഘന പ്രസ്ഥാനം (B) ഭൂദാന പ്രസ്ഥാനം

(C) ചമ്പാരൻ സമരം (D) ഉപ്പു സത്യാഗ്രഹം

17. സിക്ക് മതസ്ഥാപകൻ ആര് ?

(A) ഗുരു ഗോവിന്ദ് സിംഗ് (B) ഗുരു രാം ദാസ്

(C) വർദ്ധമാന മഹാവീരൻ (D) ഗുരു നാനാക്ക്

18. ഇന്ത്യയുടെ ആദ്യത്തെ അണു റിയാക്ടർ ഏത് ?

(A) സെർലിന (B) സൈറസ് (C) അപ്സര (D) ഭാസ്കര

19. ആറ്റത്തിന്റെ ചാർജ്ജില്ലാത്ത കണം :

(A) പ്രോട്ടോൺ (B) അയോൺ (C) ഇലക്ട്രോൺ (D) ന്യൂട്രോൺ

20. ജലം ചൂടാകുന്നത് ഏത് പ്രക്രിയ മൂലമാണ് ?

(A) ചാലനം (B) വികിരണം (C) സംവഹനം (D) ഇവയൊന്നുമല്ല

21. നിശ്ചലാവസ്ഥയിലിരിക്കുന്ന ഒരു വസ്തുവിന് നിശ്ചലമായി തുടരാനുള്ള പ്രവണതയെ എന്തു പറയുന്നു ?

(A) ത്വരണം (B) ജഡത്വം (C) പ്രവേഗം (D) ഘർഷണം

22. ഒരു ബാറ്ററിയുടെ വിദ്യുത്ചാലക ബലം (ഇ എം എഫ്) അളക്കുന്നത് ഏത് ഉപകരണം ഉപയോഗിച്ചാണ് ?

(A) അമ്മീറ്റർ (B) ഗാൽവനോമീറ്റർ

(C) വോൾട്ട് മീറ്റർ (D) വോൾട്ടാ മീറ്റർ

23. ശബ്ദതരംഗങ്ങളെ വൈദ്യുത തരംഗങ്ങളായി മാറ്റുന്ന ഉപകരണം ഏത് ?

(A) ലൗഡ് സ്പീക്കർ (B) ആന്റിന (C) സൗണ്ടർ (D) മൈക്രോഫോൺ

24. പ്രകാശത്തിന്റെ പ്രാഥമിക വർണ്ണങ്ങളായ നീലയും ചുവപ്പും തമ്മിൽ ചേർന്നാലുള്ള വർണ്ണം :

(A) മഞ്ഞ (B) നീല (C) മജന്ത (D) കറുപ്പ്

25. ഇതിൽ ഉത്തരപ്രദേശിന്റെ കലാരൂപം ഏത് ?

(A) കഥക് (B) ഒഡീസി (C) ഗർബ (D) ഭാംഗ്ര

26. ഇന്ത്യയുടെ സെക്യൂരിറ്റി പ്രസ്സ് സ്ഥിതി ചെയ്യുന്നത് എവിടെ ?

(A) ഔറംഗാബാദ് (B) ഡൽഹി (C) മുംബൈ (D) നാസിക്

27. 'നാം മുന്നോട്ട്' എന്ന കൃതിയുടെ കർത്താവ് ആര് ?

(A) കെ.പി. കേശവമേനോൻ (B) മാധവിക്കുട്ടി

(C) അക്കിത്തം (D) സുഗതകുമാരി

28. മലയാള സിനിമയുടെ പിതാവായ ജെ. സി. ഡാനിയലിനെക്കുറിച്ചുള്ള സെല്ലുലോയ്ഡ് എന്ന ചിത്രത്തിന്റെ സംവിധായകൻ ആര് ?

(A) ഹരിഹരൻ (B) കമൽ (C) പ്രിയദർശൻ (D) രാജസേനൻ

29. വെള്ളത്തിലിട്ടാൽ തീ പിടിക്കുന്ന ലോഹം :

(A) ഈയം (B) പൊട്ടാസ്യം (C) കാൽസ്യം (D) സോഡിയം

30. ചുവന്നുള്ളിയുടെ നീറ്റലിനു കാരണമായ പദാർത്ഥമെന്ത് ?

(A) പൊട്ടാസ്യം (B) കാൽസ്യം (C) ഫോസ്ഫറസ് (D) മെഗ്നീഷ്യം

31. ലോക പരിസ്ഥിതി ദിനം :

(A) ഏപ്രിൽ 22 (B) ജൂൺ 5 (C) മെയ് 11 (D) ജനുവരി 26

32. താപം അളക്കുന്ന യൂണിറ്റ് ഏത് :

(A) സെന്റീമീറ്റർ (B) കലോറി (C) സെന്റീഗ്രേഡ് (D) ഫാരൻഹീറ്റ്

33. ചുവന്ന നിറമുള്ള രത്നമേത് ?

(A) ഇന്ദ്രനീലം (B) ഗോമേദകം (C) വജ്രം (D) പവിഴം

34. ശരീര നിർമ്മിതിക്കാവശ്യമായ പോഷകഘടകം ഏത് ?

(A) മാംസ്യം (B) കൊഴുപ്പ് (C) അന്നജം (D) ഇരുമ്പ്

35. ഇതിൽ ഏത് വസ്തുവാണ് വേഗത്തിൽ വൈദ്യുതി കടത്തിവിടുന്നത് ?

(A) ജലം (B) തടി (C) ലോഹം (D) ആസിഡ്

36. ഐ. എസ്. ആർ. ഒ. ചെയർമാൻ :

(A) ശ്രീ. ജി. മാധവൻ നായർ
(B) പ്രൊഫ: റാവു
(C) പ്രൊഫ: സതീഷ് ധവാൻ
(D) ഡോ. കെ. രാധാകൃഷ്ണൻ

37. ഒരു പദാർത്ഥത്തിന്റെ pH മൂല്യം 2 ആണ് എങ്കിൽ ആ പദാർത്ഥം ഏത് ഗുണം കാണിക്കുന്നു?

(A) ആസിഡ്
(B) ക്ഷാരം
(C) നിർവീര്യം
(D) ആസിഡ് ഗുണവും ക്ഷാരഗുണവും

38. ക്ലോണിംഗ് വഴി ആദ്യമായി ഉണ്ടാക്കിയ ജീവി :

(A) എലി (B) നായ (C) കുതിര (D) ആട്

39. തെളിഞ്ഞ ചുണ്ണാമ്പുവെള്ളത്തെ പാൽ നിറമാക്കുന്ന വാതകമേത് ?

(A) ഓക്സിജൻ
(B) ഹൈഡ്രജൻ
(C) കാർബൺ ഡൈ ഓക്സൈഡ്
(D) നൈട്രജൻ

40. ഭോപ്പാൽ ദുരന്തത്തിനു കാരണമായ രാസവസ്തു ഏത് ?

(A) അമോണിയ
(B) മീതൈൽ ഐസോസൈനേറ്റ്
(C) ക്ലോറോഫോം
(D) നൈട്രസ് ഓക്സൈഡ്

41. മനുഷ്യശരീരത്തിൽ ഏറ്റവും കൂടുതൽ അളവിൽ ആവശ്യമായ മൂലകം ഏത് ?

(A) കാൽസ്യം (B) സോഡിയം (C) പൊട്ടാസ്യം (D) മഗ്നീഷ്യം

42. തക്കാളിയിൽ അടങ്ങിയിരിക്കുന്ന ആസിഡ് ഏത് ?

(A) ഓക്സാലിക്ക് ആസിഡ്
(B) ടാർടാറിക് ആസിഡ്
(C) സിട്രിക് ആസിഡ്
(D) ലാക്ടിക് ആസിഡ്

43. സൂര്യപ്രകാശത്തിന്റെ സാന്നിദ്ധ്യത്തിൽ ശരീരം സ്വയം നിർമ്മിക്കുന്ന ജീവകം ഏത് ?

(A) ജീവകം D (B) ജീവകം C (C) ജീവകം B (D) ജീവകം A

44. 'രാസവസ്തുക്കളുടെ രാജാവ്' ഏത് ?

(A) ഹൈഡ്രോക്ലോറിക് ആസിഡ് (B) നൈട്രിക് ആസിഡ്

(C) സൾഫ്യൂറിക് ആസിഡ് (D) അസറ്റിക് ആസിഡ്

45. ദഹിച്ച ആഹാരം ആഗിരണം ചെയ്യുന്ന ഭാഗം :

(A) വില്ലസുകൾ (B) ആമാശയം (C) കരൾ (D) പക്വാശയം

46. പഴങ്ങൾ കൃത്രിമമായി പഴുപ്പിക്കാൻ ഉപയോഗിക്കുന്ന രാസവസ്തുവേത് ?

(A) യൂറിയ (B) കാൽസ്യം കാർബൈഡ്

(C) അമോണിയ (D) അജിനൊമോട്ടോ

47. ഒരു സങ്കരയിനം പയർ :

(A) അന്നപൂർണ്ണ (B) മട്ട (C) ശുഭ്ര (D) ഉജ്ജ്വല

48. വിഘാടകർ ഏതു വിഭാഗത്തിൽപ്പെട്ട ജീവികൾ ആണ് ?

(A) വൈറസ്സ് (B) പ്രോട്ടോസോവ (C) ഹൈഡ്ര (D) ബാക്ടീരിയ

49. തന്മാത്രകളുടെ ചലനം മൂലമുണ്ടാകുന്ന താപപ്രസരണമാണ് :

(A) ചാലനം (B) സംവഹനം (C) വികിരണം (D) ഇവയൊന്നുമല്ല

50. ഓരോ കാലിലും ഉള്ള അസ്ഥികളുടെ എണ്ണമെത്ര ?

(A) 20 (B) 25 (C) 10 (D) 30

51. ഒരു അർദ്ധവൃത്തത്തിലെ കോണിന്റെ അളവ് താഴെക്കൊടുത്തിരിക്കുന്നവയിൽ ഏത് ?

(A) 360° (B) 90° (C) 180° (D) 270°

52. 32 -ന് തുല്യമായത് ഏത് ?

(A) $3^4$ (B) $3^5$ (C) $2^5$ (D) $2^4$

53. ഒരു ചതുരക്കട്ടയുടെ മുഖങ്ങളുടെ എണ്ണമെത്ര ?

(A) 5 (B) 6 (C) 8 (D) 12

54. 24 -ന്റെ ഘടകമല്ലാത്തത് ഏത് ?

(A) 8 (B) 12 (C) 10 (D) 3

55. 2 സെന്റിമീറ്റർ നീളമുള്ള ഒരു വരയുടെ $\frac{1}{10}$ ഭാഗത്തിന്റെ നീളം എത്ര മില്ലിമീറ്ററാണ് ?

(A) 10 (B) 5 (C) 1 (D) 2

56. ഒരു സമചതുരത്തിന്റെ ചുറ്റളവ് 44 മീറ്ററാണ്. അതിന്റെ പരപ്പളവ് എത്രയാണ് ?

(A) 121 (B) 44 (C) 176 (D) 16

57. 5 കിലോ അരിയുടെ വില 135 രൂപ ആയാൽ മുന്നു കിലോ അരിയുടെ വിലയെന്ത് ?

(A) 71 (B) 81 (C) 91 (D) 101

58. നീളം 6 സെന്റിമീറ്റർ, വീതി 5 സെന്റിമീറ്റർ, ഉയരം 3 സെന്റിമീറ്റർ ഉള്ള ഒരു ചതുരക്കട്ട്യിൽ നിന്നും ഒരു സെന്റിമീറ്റർ വീതം നീളവും വീതിയും ഉയരവുമുള്ള എത്ര സമചതുരക്കട്ടകൾ വെട്ടിയെടുക്കാം ?

(A) 90 (B) 30 (C) 100 (D) 50

59. ഒരു രേഖീയ ജോടിയിലെ ഒരു കോണിന്റെ അളവ് 60° ആയാൽ മറ്റേ കോണിന്റെ അളവ് എത്ര?

(A) 120° (B) 60° (C) 180° (D) 300°

60. 25 ച.സെ.മീ വിസ്തീർണ്ണമുള്ള സമചതുരാകൃതിയിലുള്ള പേപ്പറിൽ വരയ്ക്കാവുന്ന ഏറ്റവും നീളം കൂടിയ വരയുടെ നീളം എത്ര ?

(A) 5 (B) $5\sqrt{2}$ (C) $5\sqrt{3}$ (D) 6

61. ഒരു സാമാന്തരികത്തിലെ ഒരു ന്യൂനകോൺ $50^\circ$ ആയാൽ അതിലെ ബൃഹത് കോൺ എത്ര ?

(A) $100^\circ$ (B) $150^\circ$ (C) $180^\circ$ (D) $130^\circ$

62. $7^5$ -നെ എന്തുകൊണ്ട് ഗുണിച്ചാൽ $7^9$ കിട്ടും ?

(A) $7^5$ (B) $7^9$ (C) $7^4$ (D) $7^3$

63. തുടർച്ചയായ 13 എണ്ണൽ സംഖ്യകളിൽ മദ്ധ്യത്തിലുള്ള സംഖ്യ 31 ആണ് എങ്കിൽ ആ 13 സംഖ്യകളുടെ തുകയെത്ര ?

(A) 402 (B) 403 (C) 404 (D) 405

64. 1000 രൂപയുടെ $\frac{1}{2}$ ഭാഗം രമേശും $\frac{1}{4}$ ഭാഗം തോമസ്സും എടുത്തു. ഇനിയെത്ര രൂപ മിച്ചമുണ്ട് ?

(A) 250 (B) 500 (C) 750 (D) 200

65. 1-ന് തുല്യമല്ലാത്തതെന്ത് ?

(A) $(-1)^0$ (B) $(-1)^1$ (C) $(-1)^2$ (D) $(-1)^4$

66. ഒരു ഫുട്ബോൾ ടീമിലെ 20 കളിക്കാരുടെ ശരാശരി പ്രായം 24 ആണ്. ഇവരിൽ 8 പേരുടെ ശരാശരി പ്രായം 21 ആണ് എങ്കിൽ ബാക്കി 12 പേരുടെ ആകെ പ്രായമെത്ര ?

(A) 310 (B) 312 (C) 320 (D) 302

67. 8 മീറ്റർ നീളമുള്ള ഒരു ഇലക്ട്രിക് പോസ്റ്റിൽ മുകളിൽ എത്തുന്ന രീതിയിൽ ഒരു ഏണി ചാരിവച്ചിരിക്കുന്നു. പോസ്റ്റിന്റെ ചുവട്ടിൽ നിന്നും 6 മീറ്റർ അകലെയാണ് ഏണിയുടെ ചുവടെങ്കിൽ ഏണിയുടെ നീളം എത്ര ?

(A) 14 (B) 10 (C) 16 (D) 18

68. ഗോപൻ വീട്ടിൽനിന്നും മോട്ടോർ സൈക്കിളിൽ ശരാശരി മണിക്കൂറിൽ 40 കി.മീ.വേഗതയിൽ 15 മിനിറ്റ് സഞ്ചരിച്ച് പട്ടണത്തിലെത്തി. എന്നാൽ തിരികെ സൈക്കിളിൽ ശരാശരി മണിക്കൂറിൽ 10 കി.മീ. വേഗതയിൽ വീട്ടിലേക്ക് പോയി എങ്കിൽ തിരികെ യാത്ര ചെയ്യാനെടുത്ത സമയം എത്ര ?

(A) 1 മണിക്കൂർ (B) 2 മണിക്കൂർ (C) 3 മണിക്കൂർ (D) 4 മണിക്കൂർ

69. ബഷീർ 20,000 രൂപ 10% നിരക്കിൽ സധാരണ പലിശ കണക്കാക്കുന്ന ഒരു ബാങ്കിൽ നിക്ഷേപിച്ചു. രണ്ടു വർഷം കഴിഞ്ഞ് ബഷീറിന് എത്ര രൂപ കിട്ടും ?

(A) 24010 രൂപ (B) 24200 രൂപ (C) 24000 രൂപ (D) 24100 രൂപ

70. ചെറിയനാട് പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകളിൽ കുടിവെള്ളമെത്തിക്കാൻ 75,000 രൂപ നീക്കിവച്ചു. വാർഡുകളിലെ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് ഇത് വീതിക്കേണ്ടത്. ഒന്നാം വാർഡിൽ 900 പേരും രണ്ടാം വാർഡിൽ 1600 പേരുമാണുള്ളത് എങ്കിൽ ഒന്നാം വാർഡിനെത്ര രൂപ ലഭിക്കും ?

(A) 25,000 (B) 29,000 (C) 27,000 (D) 28,000

71. ബംഗാൾ വിഭജനം പ്രഖ്യാപിച്ച വൈസ്രോയി :

(A) കഴ്സൺ പ്രഭു (B) റിപ്പൺ പ്രഭു
(C) കാനിംഗ് പ്രഭു (D) മൗണ്ട് ബാറ്റൺ പ്രഭു

72. ആദിവേദം എന്നറിയപ്പെടുന്നത് :

(A) യജുർ വേദം (B) സാമവേദം (C) ഋഗ്വേദം (D) അഥർവ്വവേദം

73. 'വീർഭൂമി' ആരുമായി ബന്ധപ്പെട്ടിരിക്കുന്നു ?

(A) ഇന്ദിരാഗാന്ധി (B) രാജീവ് ഗാന്ധി
(C) മഹാത്മാഗാന്ധി (D) ലാൽ ബഹാദൂർ ശാസ്ത്രി

74. ഇന്ത്യാഗേറ്റ് എവിടെ സ്ഥിതി ചെയ്യുന്നു ?

(A) മുംബൈ (B) കൽക്കട്ട (C) ഹൈദരാബാദ് (D) ഡെൽഹി

75. താഴെപ്പറയുന്നവയിൽ പരോക്ഷ നികുതി :

(A) എക്സൈസ് ഡ്യൂട്ടി (B) എസ്റ്റേറ്റ് ഡ്യൂട്ടി
(C) വരുമാന നികുതി (D) കസ്റ്റംസ് ഡ്യൂട്ടി

76. ഹിരാക്കുഡ് അണക്കെട്ട് ഏത് നദിയിലാണ് ?

(A) കാവേരി (B) സത്‌ലജ് (C) ശരാവതി (D) മഹാനദി

77. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ സ്ഥിതിചെയ്യുന്നത് എവിടെ ?

(A) കൽക്കത്ത (B) ബാംഗ്ലൂർ (C) മുംബൈ (D) ഗോവ

78. ഇന്ത്യക്ക് സ്വതന്ത്ര്യം നൽകിയ ബ്രിട്ടീഷ് പ്രധാനമന്ത്രി :

(A) എ. ഒ. ഹ്യൂം (B) റോബർട്ട് ക്ലൈവ്

(C) ക്ലമന്റ് ആറ്റ്ലി (D) വില്യം ബൻഡിക് പ്രഭു

79. ഇന്ത്യയെ ശ്രീലങ്കയിൽനിന്നും വേർതിരിക്കുന്ന കടലിടുക്ക് :

(A) സൂയസ് (B) പാക് (C) പനാമ (D) ജിബ്രാൾട്ടർ

80. ക്ഷേത്ര പ്രവേശന വിളംബരം പുറപ്പെടുവിച്ചത് :

(A) അവിട്ടം തിരുനാൾ (B) ഉത്രാടം തിരുനാൾ

(C) ചിത്തിര തിരുനാൾ (D) ആയില്യം തിരുനാൾ

81. ഐ.പി.-ൽ 6-ാം സീസണിൽ ഓറഞ്ച് ക്യാപ്പ് നേടിയ വ്യക്തി :

(A) ക്രിസ് ഗെയ്ൽ (B) മൈക് എസ്സി

(C) വിരാട് കോഹ്‌ലി (D) രോഹിത് ശർമ്മ

82. സഞ്ജു. വി. സാംസൺ ഏതു ടീമിലെ അംഗമായിരുന്നു ?

(A) രാജസ്ഥാൻ റോയൽസ് (B) ചെന്നൈ സൂപ്പർ കിംഗ്സ്

(C) മുംബൈ ഇന്ത്യൻസ് (D) ഡൽഹി ഡെയർ ഡെവിൾസ്

83. ഒളിമ്പിക്സിലെ അഞ്ചു വളയങ്ങളിൽ മഞ്ഞ വളയം ഏത് ഭൂഖണ്ഡത്തെ സൂചിപ്പിക്കുന്നു ?

(A) ആഫ്രിക്ക (B) യൂറോപ്പ് (C) ഏഷ്യാ (D) അമേരിക്ക

84. 2011 -ലെ ജ്ഞാന പീഠം പുരസ്കാരം ലഭിച്ചത് ആർക്കാണ് ?

(A) നരേന്ദ്ര കോഹ്‌ലി (B) അരുൺ ഷൂരി

(C) മസൂദ് ഹുസൈനി (D) പ്രതിഭാറായ്